'കാളരാത്രി'; ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു

കോതമംഗലം: ആർ.ജെ മഡോണക്ക് ശേഷം ആനന്ദ് കൃഷ്ണരാജ് കഥയെഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് 'കാളരാത്രി'. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്ത് അണിയറ പ്രവർത്തകർ. തീർത്തും വയലൻസിന് പ്രാധാന്യമുള്ള ചിത്രം പ്രമുഖ ചലച്ചിത്ര വിതരണ കമ്പനിയായ 'ഗ്രേ മോങ്ക് പിക്ചേഴ്സ് ആണ് നിർമ്മിക്കുന്നത്. ആക്ഷൻ ക്രൈം ത്രില്ലർ ഗണത്തിലുള്ള ചിത്രം ഗ്രേ മോങ്ക് പിക്ചേഴ്സിന്റെ പ്രഥമ നിർമാണമാണ്. ഓമൈ ഗോഡ്, കട്ടപ്പനയിലെ ഋത്വിക് റോഷൻ, സത്യ, ഇരുപത്തിയൊന്നാം നൂറ്റാണ്ട്, സോളമന്റെ മണവാട്ടി സോഫിയ എന്നീ ചിത്രങ്ങൾക്ക് ശേഷം തമ്പുവിൽസൺ, ആട്ടം ഫെയിം ജോളി ആൻറണി, അഭിമന്യു സജീവ്, മരിയ സുമ എന്നിവർക്കൊപ്പം നവാഗതരായ മരിയ അഭിഷ്, അഡ്രിയൻ അഭിഷ്, ആൻഡ്രിയ അഭിഷ് എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു.

ഐടിഐക്ക് പുതിയ കെട്ടിടം: ഉദ്ഘാടനം 21 ന്

ഇടുക്കി : കട്ടപ്പന സർക്കാർ ഐ ടി ഐ യിൽ നിർമ്മാണം പൂർത്തീകരിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ഒക്ടോബർ 21 ന് തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും. ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിക്കും.

ഫിറ്റ്നസ് സെന്റർ ഉദ്ഘാടനം

കൊച്ചി: കൊംബാറ്റ് ഫിറ്റ്നസ് ട്രെയിനിംഗ് സെന്ററി (സിഎഫ്സി)ന്റെ പുതിയ ബ്രാഞ്ച് ഉദ്ഘാടനം നാളെ കലൂർ കടവന്ത്ര റോഡിലെ പേൾസ് ക്രീമറിൽ നടക്കുമെന്ന് ഫൗണ്ടറായ ഏബിൾ ജേക്കബ്,മറിയം ചെറിയാൻ എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഫിറ്റ്നസ് സെന്ററിന്റെ ഉദ്ഘാടനം വൈകീട്ട് 4ന് ഹൈബി ഈഡൻ എം പി നിർവ്വഹിക്കും. വേൾഡ് റെസ്ലിംഗ് എന്റർടെയിനർ അത്ലറ്റായ സഞ്ജന ജോർജ്,മ്യൂസിക് ഡയറക്ടർമാരായ ദീപു നൈനാൻ,നോബിൾ പോൾ എന്നിവർ മുഖ്യാതിഥികളാകും.

രാജ്യാന്തര പരിശീലകരുടെ നേതൃത്വത്തിൽ 5 മുതൽ 85 വയസുവരെ പ്രായമുള്ളവർക്ക് ഫിറ്റ്നസ് ട്രെയിനിംഗ്,കോംബാറ്റ് ട്രെയിനിംഗ്,മിക്സഡ് മാർഷ്യൽ ആർട്സ്,വെയിറ്റ് ലോസ് ആന്റ് ഗെയിൻ,കിക്ക് ബോക്സിംഗ് എന്നിവയിൽ സിഎഫ്സിയിൽ പരിശീലനം നൽകും.

ഗ്രേറ്റ് ഇന്ത്യൻ കാർണിവൽ നവംബറിൽ

കൊച്ചി: കൊച്ചി ബീസ് സംഘടിപ്പിക്കുന്ന ഗ്രേറ്റ് ഇന്ത്യൻ കാർണിവൽ നവംബർ 23, 24 തീയതികളിൽ കാക്കനാട് കിൻഫ്ര ഇന്റർനാഷനൽ എക്സിബിഷൻ സെന്ററിൽ നടക്കുമെന്ന് സംഘാടകരായ വിദ്യ ഗോകുൽദാസ്, വി ബി ബെൻസി, റേച്ചൽ വർഗീസ് എന്നിവർ അറിയിച്ചു.

ക്രിസ്മസ് ആൻഡ് ന്യൂയർ ഷോപ്പിങ് ഫെസ്റ്റിവൽ, ഫാഷൻ ഷോ,ഫുഡ് കോർട്ട്, സംഗീതനൃത്ത പരിപാടികൾ, എക്സിബിഷൻ എന്നിവയും ഇതിന്റെ ഭാഗമായുണ്ടാകും.120 സ്റ്റാളുകളാണ് കാർണിവലിൽ ഒരുക്കിയിട്ടുള്ളത്. കാർണിവലിനോടനുബന്ധിച്ച് വയനാട്ടിലെ ചൂരൽമല- മുണ്ടക്കൈ ദുരന്ത ബാധിത സ്കൂളുകളിലെ കുട്ടികൾക്കു സമ്മാനപ്പൊതികൾ നൽകുന്ന പരിപാടിയും നടക്കുമെന്നും സംഘാടകർ അറിയിച്ചു.

സംസ്കൃത സർവകലാശാല പരീക്ഷകൾ നവംബർ നാലിന് തുടങ്ങും

കാലടി: 21ന് ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സെമസ്റ്റർ പരീക്ഷകൾ നവംബർ നാലിന് ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പുതുക്കിയ ടൈംടേബിൾ പിന്നീട് പ്രസിദ്ധീകരിക്കും.

അഡ്വ. വി.എ. അനിൽ അനുസ്മരണം

പറവൂർ: സിപിഐ എം നേതാവും, സഹകാരിയുമായിരുന്ന അഡ്വ.വി എ അനിലിന്റെ 20-ാം ചരമവാർഷിക ദിനാചരണം നടത്തി. പറവൂർ സഹകരണ ബാങ്കിൽ നടന്ന അനുസ്മരണ സമ്മേളനം ജില്ല പഞ്ചായത്തംഗം യേശുദാസ് പറപ്പിള്ളി ഉദ്ഘാടനം ചെയ്തു.ബാങ്ക് പ്രസിഡന്റ് എൻ എസ് സുനിൽകുമാർ അധ്യക്ഷനായി.കെ എ വിദ്യാനന്ദൻ, എസ് ശ്രീകുമാരി, കെ സുധാകരൻ പിള്ള, ഡൈന്യൂസ് തോമസ്, കെ എസ് ജയശ്രീ എന്നിവർ സംസാരിച്ചു. സിപിഐ എം ടൗൺ ഈസ്റ്റ് ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ പെരുവാരം കിഴക്കേ നടയിൽ അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിച്ചു. ഏരിയ കമ്മിറ്റിയംഗം കെ എ വിദ്യാനന്ദൻ പതാക ഉയർത്തി അനുസ്മരണ പ്രഭാഷണം നടത്തി. ലോക്കൽ സെക്രട്ടറി എം പി ഏയ്ഞ്ചൽസ് അധ്യക്ഷനായി.എം ആർ റീന, കെ ജെ ഷൈൻ, പി പി അജയകുമാർ എന്നിവർ സംസാരിച്ചു.

129 വയസിന്റെ നിറവിൽ മുല്ലപ്പെരിയാർ ഡാം

കോതമംഗലം: പതിറ്റാണ്ടുകളായി മലയാളികളുടെ നെഞ്ചിലെ തീയായി തുടരുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന് 129 വയസ്. 50 വർഷം ആയുസ് കണക്കാക്കി നിർമിച്ച ഡാം കമ്മീഷൻ ചെയ്തിട്ട് ഒക്ടോബർ 10ന് 129 വർഷം തികഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷയും തമിഴ്നാട്ടുകാർക്ക് വെള്ളവും കിട്ടാൻ പുതിയ അണക്കെട്ട് വേണമെന്ന വർഷങ്ങളായുള്ള ആവശ്യത്തിന് ഇതുവരെ പരിഹാരമായിട്ടില്ല. തെക്കൻ തമിഴ്നാട്ടിലെ അഞ്ച് ജില്ലകളിലെ കൃഷിക്കും കുടിവെള്ളത്തിനുമായാണ് മുല്ലപ്പെരിയാറിൽ അണക്കെട്ട് പണിതത്.

1886 ൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന വിശാഖം തിരുനാളും മദ്രാസ് റെസിഡൻസിയും തമ്മിലുണ്ടാക്കിയ കരാർ പ്രകാരമാണ് മുല്ലപ്പെരിയാർ അണക്കെട്ട് പണിയാൻ തീരുമാനിച്ചത്. 1886 ലാണ് ഡാമിന്റെ പണിക്ക് തുടക്കം കുറിച്ചത്. സുർക്കി മിശ്രിതവും കരിങ്കല്ലുമുപയോഗിച്ച് ബ്രിട്ടീഷ് എൻജിനീയറായിരുന്ന ജോൺ പെന്നികുക്കാണ് അണക്കെട്ട് നിർമിച്ചത്.

നിർമാണഘട്ടത്തിൽ രണ്ട് തവണ ഒലിച്ചുപോയതോടെ ബ്രിട്ടീഷ് സർക്കാർ പദ്ധതിയിൽ നിന്ന് പിൻമാറിയെങ്കിലും പെന്നി ക്വിക്ക് നിരാശനായില്ല.ഇംഗ്ലണ്ടിലുള്ള തന്റെ സ്വത്ത് വിറ്റുകിട്ടിയ പണം ഉപയോഗിച്ചാണ് അദ്ദേഹം ദൗത്യം പൂർത്തീകരിച്ചത്. കേരളാ തമിഴ്നാട് അതിർത്തിയിൽ ശിവഗിരി മലയിലെ ചൊക്കംപെട്ടിയിൽ നിന്ന് ഉൽഭവിക്കുന്ന പെരിയാറും മണലാറിന് സമീപം കോട്ടമല ഭാഗത്ത് നിന്നെത്തുന്ന മുല്ലയാറുമായി സംഗമിച്ച് മുല്ലപ്പെരിയാറായി ഒഴുകുന്നു. ഈ നദിക്ക് കുറുകെയാണ് വിവാദങ്ങളും- ചരിത്രവുമായ അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. അണക്കെട്ടിന്റെ നിർമ്മാണത്തോടെയാണ് പെരിയാർ വന്യജീവി സങ്കേതവും തേക്കടി തടാകവുമെല്ലാം രൂപം കൊണ്ടത്. 1895 ഒക്ടോബർ പത്തിന് വൈകിട്ട് ആറ് മണിക്കാണ് മദ്രാസ് ഗവർണർ വെള്ളം തുറന്നുവിട്ട് ഡാം ഔദ്യോഗികമായി കമ്മീഷൻ ചെയ്തത്. കനാൽ മാർഗം 125 കിലോമീറ്റർ വരെ ദൂരത്തിലാണ് മുല്ലപ്പെരിയാറിൽ നിന്നുള്ള വെള്ളം എത്തിക്കുന്നത്. 50 വർഷം ആയുസ്സ് കണക്കാക്കി പണിത അണക്കെട്ട് 129 വർഷം പിന്നിട്ടതോടെ കേരളത്തിലെ ദശലക്ഷക്കണക്കിനാളുകളുടെ പേടി സ്വപ്നമാണിപ്പോൾ.

വനിതാ സിനിമാ നിർമ്മാതാവിന്റെ പരാതി: പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ഭാരവാഹികൾക്കെതിരേ കേസ്

കൊച്ചി: വനിതാ സിനിമാ നിർമ്മാതാവിന്റെ പരാതിയിൽ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ ഭാരവാഹികൾക്കെതിരെ പൊലീസ് കേസെടുത്തു. ആന്റോ ജോസഫ്, ബി രാകേഷ്, ലിസ്റ്റിൻ സ്റ്റീഫൻ അടക്കം ഒമ്പതു പേർക്കെതിരെയാണ് കേസെടുത്തത്. അസോസിയേഷൻ യോഗത്തിലേക്ക് വിളിച്ചു വരുത്തി മോശമായി പെരുമാറിയെന്നാണ് പരാതി. സ്ത്രീത്വത്തെ അപമാനിച്ചെന്നും പരാതിയിലുണ്ട്.പ്രത്യേക അന്വേഷണ സംഘത്തിന് നൽകിയ പരാതിയിൽ എറണാകുളം സെൻട്രൽ പൊലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. വനിതാ നിർമ്മാതാവ് നിർമ്മിച്ച ചിത്രങ്ങളുമായി ബന്ധപ്പെട്ട് അസോസിയേഷനുമായി ചില തർക്കങ്ങൾ നിലനിന്നിരുന്നു. ഇതിന്റെ ഭാഗമായി അസോസിയേഷൻ ഭാരവാഹികൾ ഈ നിർമ്മാതാവിനെ യോഗത്തിലേക്ക് വിളിച്ചു വരുത്തിയിരുന്നു. ഈ സമയത്ത് വനിതാ നിർമ്മാതാവ് ചില പരാതികൾ മുന്നോട്ടു വെച്ചു.

അടുത്ത യോഗത്തിൽ ഇതു ചർച്ച ചെയ്ത് പരിഹരിക്കാമെന്ന് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. അടുത്ത യോഗത്തിലേക്ക് വനിതാ നിർമ്മാതാവിനെ വിളിക്കുന്നതിനിടെയാണ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തു വരുന്നത്. തുടർന്ന് വനിതാ നിർമ്മാതാവ് സമൂഹമാധ്യമങ്ങളിലൂടെ പരസ്യപ്രതികരണവുമായി രംഗത്തു വന്നത്. ഇതേത്തുടർന്ന് പരസ്യപ്രതികരണത്തിൽ വിശദീകരണം ആവശ്യപ്പെട്ടു അസോസിയേഷൻ കത്തു നൽകി.

ഇതിൽ വിശദീകരണം നൽകാനായി എത്തിയ യോഗത്തിൽ വെച്ച് അസോസിയേഷൻ ഭാരവാഹികൾ മോശമായി പെരുമാറിയെന്നാണ് വനിതാ നിർമ്മാതാവിന്റെ പരാതി. മാനസികമായി സമ്മർദ്ദം ചെലുത്തിയെന്നും, സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പെരുമാറ്റമുണ്ടായെന്നും പരാതിയിൽ പറയുന്നു.

ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെറുതോണി പൊലീസ് സൊസൈറ്റി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല പരിപാടി ജില്ലാ കളക്ടർ വി വിഗ്നേശ്വരി ഉദ്ഘാടനം ചെയ്യുന്നു

മാനസികാരോഗ്യം നിലനിർത്തുന്നതിൽ കുടുംബാന്തരീക്ഷത്തിന് വലിയ പങ്ക്

ഇടുക്കി : കുട്ടികളിലും മുതിർന്നവരിലും നല്ല മാനസികാരോഗ്യം നിലനിർത്തുന്നതിൽ കുടുംബാന്തരീക്ഷത്തിന് വലിയപങ്കാണുള്ളതെന്ന് ഇടുക്കി ജില്ലാ കളക്ടർ വി വിഗ്നേശ്വരി. ലോക മാനസികാരോഗ്യദിനത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെറുതോണി പൊലീസ്സൊസൈറ്റി കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ജില്ലാതല പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ. വീട്ടിനുള്ളിൽ അംഗങ്ങൾ തമ്മിൽ നല്ലരീതിയിൽ ആശയവിനിമയം നടക്കേണ്ടതുണ്ട്. പിരിമുറുക്കം, വിഷാദരോഗം തുടങ്ങിയവ ഉണ്ടാകുന്നത്, ഒന്ന് സംസാരിക്കാൻപോലും കഴിയാതെ വരുമ്പോഴാണ്. വീട്ടിലെ മുതിർന്നവർക്കൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ പുതിയതലമുറ ശ്രദ്ധിക്കണമെന്നും കളക്ടർ പറഞ്ഞു.

പരിപാടിയോടനുബന്ധിച്ച് നടന്ന റാലി ഇടുക്കി പൊലീസ് ഇൻസ്പെക്ടർ സന്തോഷ് സജീവ് ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ സുരേഷ്വർഗീസ് അധ്യക്ഷത വഹിച്ചു. ഇടുക്കി ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ സുരേഷ് വർഗീസ് മാനസികാരോഗ്യദിനസന്ദേശ പ്രകാശനം നിർവഹിച്ചു. ആരോഗ്യവകുപ്പിലെ വിദഗ്ദർ നയിച്ച ചർച്ചയും , ബോധവൽക്കരണ ക്ലാസും നടന്നു.

കുടുംബസംഗമവും കലാമേളയും

ശ്രീമൂലനഗരം :എൻ എസ് എസ് കരയോഗത്തിന്റെ 48-ാം വാർഷികവും കുടുംബസംഗമവും കലാമേളയും 2024 ഒക്ടോബർ 6ന് കരയോഗം ഹാളിൽ ടന്നു.

കരയോഗം പ്രസിഡന്റ് രമേശ്. പി യുടെ അധ്യക്ഷതയിൽ ചേർന്ന യോഗം താലൂക്ക് യൂണിയൻ പ്രസിഡന്റും ഡയറക്ടർ ബോർഡ് അംഗവുമായ എ. എൻ. വിപിനേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. . സമൂഹത്തെ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്ന മദ്യ -മയക്കുമരുന്ന് വിപത്തിനെതിരെ താലൂക്ക് യൂണിയൻ സംഘടിക്കുന്ന ആതിര ചലഞ്ചിനും മന്നം സ്മൃതി സന്ദേശ യാത്രയ്ക്കും സ്വീകരണം നൽകി. ജാഥാ ക്യാപ്റ്റൻ ബീന നാരായണനും മറ്റു ടീം അംഗങ്ങൾക്കും കരയോഗം ഉപഹാരങ്ങൾ നൽകി സ്വീകരിച്ചു. കലാകായിക ക്വിസ് മത്സരങ്ങളിലും എൻഡോമെന്റു-സ്കോളർഷിപ്പുകൾക്കും അർഹരായ മുഴുവൻ കുട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ലഹരി ഉപയോഗങ്ങൾക്ക് എതിരെയുള്ള ബോധവൽക്കരണത്തിന് പ്രസിദ്ധ മാനവശേഷി പരിശീലകൻ ഡി. ഹരികുമാർ നേതൃത്വം വഹിച്ചു.

കരയോഗത്തിലെ കർഷക സമിതിയുടെ ഔപചാരിക ഉദ്ഘാടനം, എൻ എസ് എസ് മേഖലാ കൺവീനർ വീ. ഡി. രാധാകൃഷ്ണൻ നിർവഹിച്ചു. വനിതാസമാജം താലൂക്ക് തല വൈസ് പ്രസിഡന്റ് രാധിക ബാബു; ആദ്ധ്യാത്മിക ആചാര്യൻ കിരൺ കുമാർ. ആർ; വനിതാ സമാജം പ്രസിഡന്റ് ലീലാവതി. വി. പി; കരയോഗം സെക്രട്ടറി മുരളീധരൻ. എ. എൻ; ബാലസമാജം പ്രസിഡന്റ് ഹരികേഷ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. കരയോഗത്തിന്റെ അഭിമുഖ്യത്തിൽ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ഒരു ലൈബ്രറി ആരംഭിക്കാനും തീരുമാനിച്ചു .

കരയോഗത്തിന്റെ സ്ഥാപകാംഗം ഡോ. പി കെ ബാലകൃഷ്ണൻ രചിച്ച ഇന്ത്യൻ സ്വാതന്ത്ര്യം - അഞ്ചു ദൃക്സാക്ഷി വിവരണങ്ങൾ എന്ന ചരിത്ര ഗ്രന്ഥവും നിലവിലെ കരയോഗം പ്രസിഡന്റ്, രമേശ് പുല്ലേലിൽ രചിച്ച ശ്രീമദ് ഭാഗവതത്തിന്റെ സമ്പൂർണ ഗദ്യ പരിഭാഷയും മറ്റു പ്രമുഖ പുസ്തങ്ങളും സ്വീകരിച്ചുകൊണ്ട് പുതിയ സംരംഭത്തിന് തുടക്കം കുറിച്ചു. തുടർന്ന്, കരയോഗ- ബാലസമാജം അംഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികൾ മൂന്നു മണിക്കൂർ നീണ്ടുനിന്നു.

വി. ഏ. രാജഗോപാൽ സ്വാഗതവും വനിതാ സമാജം സെക്രട്ടറി രാജലക്ഷ്മി നന്ദകുമാർ നന്ദിയും പറഞ്ഞു.

ശ്രീമൂലനഗരം എൻഎസ്എസ് കരയോഗത്തിന്റെ 48-ാം വാർഷികവും കുടുംബസംഗമവും കലാമേളയും താലൂക്ക് യൂണിയൻ പ്രസിഡന്റും ഡയറക്ടർ ബോർഡ് അംഗവുമായ എ.എൻ. വിപിനേന്ദ്രകുമാർ ഉദ്ഘാടനം ചെയ്യുന്നു

കന്നുകാലികളിലെ വയറിളക്കം: മുന്നറിയിപ്പുമായി മൃഗസംരക്ഷണ വകുപ്പ്

ഇടുക്കി : ജില്ലയിൽ പലയിടത്തും കന്നുകാലികളിൽ പ്രത്യേകിച്ച് പശുക്കളിൽ വ്യാപകമായി വയറിളക്കം കാണപ്പെടാൻ തുടങ്ങിയിട്ടുണ്ടെന്ന് ജില്ലാ മൃഗസംരക്ഷണവകുപ്പ് അറിയിച്ചു. പാലുൽപാദനത്തിലെ ഗണ്യമായ കുറവ്, രക്തം കലർന്നതോ അല്ലാത്തതോ ആയ വയറിളക്കം, തീറ്റയെടുക്കാൻ മടി, ക്ഷീണം എന്നിവയാണ് രോഗലക്ഷണങ്ങൾ. ചില ഫാമുകളിൽ മൃഗസംരക്ഷണവകുപ്പ് നടത്തിയ പരിശോധനയിൽ കമ്പംപൊടിയിലെ പൂപ്പൽ വിഷമാണ് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. രോഗലക്ഷണങ്ങൾ അനുസരിച്ചുള്ള മരുന്നുകൾ നൽകുന്നതും പൂപ്പൽ വിഷം സംശയിക്കുന്ന തീറ്റകൾ ഒഴിവാക്കുന്നതുമാണ് പ്രധാന ചികിത്സ.

രോഗലക്ഷണങ്ങൾ കണ്ടാൽ അതത് പഞ്ചായത്ത് മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് വിദഗ്ധചികിത്സ ഉറപ്പാക്കേണ്ടതാണ്. പൂപ്പൽബാധ ഉണ്ടെന്ന് സംശയിക്കുന്ന തീറ്റകൾ നന്നായി വെയിലത്ത് ഉണക്കി ജലാംശം പൂർണ്ണമായും ഒഴിവാക്കിയതിന് ശേഷം തീറ്റയായി നൽകുന്നത് ഒരു പരിധിവരെ പൂപ്പൽ വിഷബാധ തടയും. സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് കിരണങ്ങളാണ് പൂപ്പൽ വിഷബാധയെ ഒഴിവാക്കാൻ സഹായിക്കുന്നത്. തീറ്റകൾ സൂക്ഷിക്കുന്നതിന് വായു കടക്കാത്ത അടച്ചുറപ്പുള്ള പാത്രങ്ങളോ, വീപ്പകളോ ഉപയോഗിക്കേണ്ടതാണ്. കൂടാതെ പൈനാപ്പിൾ ഇലകൾ, പുല്ല് മുതലായവയിലെ നനവും പലപ്പോഴും വയറിളക്കത്തിന് കാരണമാകുന്നു. അതിനാൽ നനവുള്ള പുല്ലുകളും മറ്റ് തീറ്റകളും വെയിലത്ത് വച്ച് ഈർപ്പം കളഞ്ഞതിന് ശേഷം മാത്രം പശുക്കൾക്ക് തീറ്റയായി നൽകുക.

അങ്കമാലി ലോക്കൽ സമ്മേളനം 20, 21 തിയതികളിൽ

അങ്കമാലി: സിപിഐ എം 24-ാം പാർട്ടി കോൺഗ്രസിന് മുന്നോടിയായിട്ടുള്ള അങ്കമാലി ലോക്കൽ സമ്മേളനം 20, 21 തീയതികളിലായി നായത്തോട് സ്കൂൾ ജംഗ്ഷനിൽ നടക്കും. സമ്മേളനത്തിന്റെ ആദ്യ അനുബന്ധ പരിപാടിയായ അങ്കമാലിയുടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം പുതുതലമുറയ്ക്ക് പരിചയപെടുത്തലും പാർട്ടി അംഗത്വത്തിൽ 50 വർഷം പൂർത്തീകരിച്ചവരെ ആദരിക്കലും സംഘടിപ്പിച്ചു. ചെത്തിക്കോട് വി കെ കറപ്പൻ നഗറിൽ ഏരിയ സെക്രട്ടറി അഡ്വ. കെ കെ ഷിബു ഉദ്ഘാടനം ചെയ്തു. ലോക്കൽ കമ്മിറ്റി അംഗം വിനീത ദിലീപ് അദ്ധ്യക്ഷത വഹിച്ചു. 50 വർഷം പൂർത്തീകരിച്ച കെ കുട്ടപ്പൻ വർഗ്ഗീസ് പുതുശ്ശേരി, ഇ വി കമലാക്ഷൻ, ടി വി ശാമുവൽ, കെ ഐ ബേബി, സി കെ കുട്ടപ്പൻ, ശ്രീധരൻ കാപ്പിൾ, കെ ബി വേണുഗോപാൽ എന്നിവരെ ആദരിച്ചു. ലോക്കൽ സെക്രട്ടറി സജി വർഗ്ഗീസ്, ഏരിയ കമ്മിറ്റി അംഗം സച്ചിൻ ഐ കുര്യാക്കോസ്, സഹകരണ ബാങ്ക പ്രസിഡന്റ് ടി ജി ബേബി, പി എ അനീഷ്, സംഘാടക സമിതി ചെയർമാൻ ടി വൈ ഏല്യാസ്, ട്രഷറർ ജിജോ ഗർവ്വാസീസ് തുടങ്ങിയവർ സംസാരിച്ചു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ ബി.ടെക് അഡ്മിഷൻ നേടിയ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പ്രോഗ്രാമിൽ ജസ്റ്റിസ് ബി.കെമാൽ പാഷ സംസാരിക്കുന്നു

അവിഹിത മാർഗത്തിൽ കൂടി ഒന്നും നേടാതിരിക്കുക: ജസ്റ്റിസ് ബി.കെമാൽ പാഷ

കളമശേരി: അവിഹിത മാർഗത്തിൽ കൂടി ഒന്നും സമ്പാദിക്കരുതെന്നും സമൂഹത്തെ നന്നാക്കുക എന്നതായിരികണം ഓരോ പൗരന്റെയും ലക്ഷ്യം എന്നും ജസ്റ്റിസ് കെമാൽ പാഷ പറഞ്ഞു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്കൂൾ ഓഫ് എഞ്ചിനീയറിങ്ങിൽ ബി.ടെക് അഡ്മിഷൻ നേടിയ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പ്രോഗ്രാമിന്റെ മൂന്നാം ദിവസത്തെ സെഷനിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ജസ്റ്റീസ് പാഷ. ജുഡീഷ്യറിയെക്കാൾ ഉന്നതിയിലാണ് ധാർമികതയെന്നും അതിനാൽ വലിയ വില നൽകി ഓരോരുത്തരും ധാർമികത കാത്തു സൂക്ഷിക്കണമെന്നും അദ്ദേഹം പറഞ്ഞു. കോഓർഡിനേറ്റർ ഡോ.ധന്യ, ഡോ.ദീപക് കുമാർ സാഹു ,ശ്യാമ ജോൺ എന്നിവർ സംസാരിച്ചു. ഇൻഡക്ഷൻ പ്രോഗ്രാം ഇന്ന് സമാപിക്കും.

ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്

റജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013, ബ്രാഞ്ച് വിലാസം: ഗ്രൗണ്ട് ഫ്ലോർ, ജയിൻ ടവർ-II, NH-17, മുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി-682024

സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1)

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്. സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വുവന്ന ചേർത്തു വായന പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

ലോൺ അക്കൗണ്ട് നമ്പർ.21772847: മിസ്റ്റർ ഇ.എസ്. ജോസ്

ടാറ്റ ക്യാപ്പിറ്റൽ ലിമിറ്റഡ് (ടി സി എൽ) കമ്പനി ആക്റ്റ് 1956-ലെ വ്യവസ്ഥകൾ പ്രകാരം ഒരു നോൺ-ബാങ്കിംഗ് ഫിനാൻസ് കമ്പനിയാണെന്നും , ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് പെനിൻസുല ബിസിനസ് പാർക്ക്, ടവർ എ, 11-ാം നില, ഗണപത്റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ- 400013, എന്നതിൽ അതിന്റെ രജിസ്ട്രേഡ് ഓഫിസും , കൊച്ചിയിലെ മറ്റ് സ്ഥലങ്ങളിൽ ഒരു ബ്രാഞ്ച് ഓഫിസ് (ബ്രാഞ്ച്) ഗ്രൗണ്ട് ഫ്ലോർ, ജയിൻ ടവർ-II, എൻഎച്ച് 17, നിയർ മുലു മാൾ, ഇടപ്പള്ളി, കൊച്ചി - 682024 ഉണ്ടെന്നും ഇതിനാൽ അറിയിക്കുന്നു .

കമ്പനി ആക്റ്റ്, 2013 (മുകളിൽ പറഞ്ഞ സ്കിം) നോറ മറ്റ് ബാധകമായ വ്യവസ്ഥകൾ എന്നിവയോടൊപ്പം സെക്ഷൻ 230 മുതൽ 232 വരെയുള്ള വകുപ്പുകൾ പ്രകാരം ടാറ്റ ക്യാപിറ്റൽ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡും ("TCFSL") ടാറ്റ ക്ലിൻടെക് ക്യാപിറ്റൽ ലിമിറ്റഡും ("TCCL") ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ് ,നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ (NCLT) മുംബൈ 24.11.2023 ലെ ഓർഡറുകൾ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും , നിലവിൽ ട്രാൻസ്ഫറർ കമ്പനികളുടെ , എല്ലാ പ്രോപ്പർട്ടികൾ, ആസ്തികൾ, അവകാശങ്ങൾ, ആനുകൂല്യങ്ങൾ, പലിശ, കടമകൾ, ബാധ്യതകൾ, ബാധ്യതകൾ, കരാറുകൾ, കരാറുകൾ, സെക്യൂരിറ്റികൾ എന്നിവയോടൊപ്പം 01.01.2024 പ്രകാരം പ്രസ്തുത ഓർഡറിനും സ്കീമിനും അനുസൃതമായി, TCL-ലായി ലയിപ്പിച്ചു. TCFSL നടപ്പിലാക്കിയ എല്ലാ രേഖകളും അവയുമായി ബന്ധപ്പെട്ട എല്ലാ കുടിശ്ശികകളും അ